<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഒന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1653</u> <u>13.7.2011-ൽ മറുപടിയ്ക്ക്</u>

## <u>വന്യജീവികളുടെ ആക്രമണത്തിനിരയായവർക്കുള്ള സഹായങ്ങൾക്കുള്ള നടപടിക്രമങ്ങൾ</u>

| ***ചോദ്യം*** | ***ഉത്തരം*** |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് സഹായങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ? | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് സഹായങ്ങൾ ലഭിക്കുന്നതിന് 1980 ലെ കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരമുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.<br><br>1. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ /വൈൽഡ്‌ലൈഫ് വാർഡൻ/വൈൽഡ്‌ലൈഫ് പ്രിസർവേഷൻ ഓഫീസർ - ടെ മേൽവിലാസം രേഖപ്പെടുത്തിയ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ജീവഹാനി സംഭവിച്ച് മൂന്ന് മാസത്തിനകം ടി പ്രദേശത്ത് അധികാരപരിധിയുള്ള ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ/ അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻ/ അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് പ്രിസർവേഷൻ ഓഫീസർക്ക് സമർപ്പിക്കണം.<br><br>2. റെയിഞ്ച് ഓഫീസർ പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി ശുപാർശയോടെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.<br><br>3. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പ്രസ്തുത റെയിഞ്ച് ഓഫീസറുടെ ശുപാർശ ലഭിച്ച് 15 ദിവസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ